പതിനാറാം കേരളനിയമസഭ

രണ്ടാം സമ്മേളനം

**നക്ഷത്രചിഹ്നമിട്ട ചോദ്യം നമ്പർ: 68** | **14-10-2026-ൽ മറുപടിയ്ക്ക്**

**<u>ദാക്ഷായണി സ്വയം സഹായ സംഘങ്ങൾ</u>**

**<u>ചോദ്യം ഉന്നയിച്ച അംഗങ്ങൾ</u>**

ശ്രീ. എ. ഡി. തോമസ്

ശ്രീ. ടി. ജെ. വിനോദ്

ശ്രീമതി രമ്യ ഹരിദാസ്

ശ്രീ. സന്ദീപ് വാര്യർ

**<u>മറുപടി നൽകിയ മന്ത്രി</u>**

ശ്രീമതി കെ. എ. തുളസി
(പട്ടികജാതി, പട്ടികവർഗ്ഗ - പിന്നോക്ക ക്ഷേമ വകുപ്പ് മന്ത്രി)

**(എ)** പട്ടികജാതി-പട്ടികവർഗ്ഗ വിഭാഗങ്ങളിലെ വനിതകളുടെ സാമ്പത്തിക ശാക്തീകരണത്തിനും സംരംഭകത്വ വികസനത്തിനുമായി ദാക്ഷായണി സ്വയംസഹായ സംഘങ്ങൾ നടപ്പിലാക്കുവാൻ പദ്ധതിയുണ്ടോ; വ്യക്തമാക്കാമോ;

**<u>മറുപടി:</u>** ഉണ്ട് . പട്ടികജാതി വിഭാഗത്തിൽപ്പെടുന്ന വനിതകളുടെ സാമ്പത്തിക സ്വയംപര്യാപ്തത ഉറപ്പുവരുത്തുന്നതിനും, സംരംഭകത്വം പ്രോത്സാഹിപ്പിക്കുന്നതിനും, സുസ്ഥിര തൊഴിലവസരങ്ങൾ സൃഷ്ടിക്കുന്നതിനുമായി "ദാക്ഷായണി സ്വയംതൊഴിൽ സഹായ പദ്ധതി പട്ടികജാതി വികസന വകുപ്പ് മുഖേന നടപ്പിലാക്കുന്നതിന് **സ.ഉ (സാധാ) നം. 684/2026/SCSTD, തീയതി 14-09-2026** പ്രകാരം അനുമതി നൽകിയിട്ടുണ്ട് .

പട്ടികജാതി വിഭാഗത്തിൽപ്പെടുന്ന അഞ്ചോ അതിൽ അധികമോ വനിതകൾ സ്വയം ഭരണ അംഗങ്ങളായിട്ടുള്ളതും ജില്ലാ രജിസ്ട്രാർ ഓഫീസിൽ / കുടുംബശ്രീയിൽ /തദ്ദേശ സ്ഥാപനങ്ങളിൽ രജിസ്റ്റർ ചെയ്തിട്ടുള്ളതുമായ സ്വയം സഹായ സംഘങ്ങൾക്കും, സംരഭം ആരംഭിക്കുന്നതിന് ആഗ്രഹിക്കുന്ന വനിതകൾക്കും (വ്യക്തിഗതം) പുതിയ സംരംഭങ്ങൾ ആരംഭിക്കുന്നതിനുള്ള ആനുകൂല്യം ലഭ്യമാക്കുന്നതിനും സംസ്ഥാനത്ത് സ്ത്രീസംരംഭകരുടെ എണ്ണം വർദ്ധിപ്പിക്കുന്നതിനും , തൊഴിൽ സൃഷ്ടിക്കുന്നതിനും, നവീന സാങ്കേതികവിദ്യയും പ്രാദേശിക വിഭവങ്ങളും പ്രയോജനപ്പെടുത്തി മത്സരക്ഷമമായ സംരംഭങ്ങൾ വികസിപ്പിക്കുന്നതിനും ഈ പദ്ധതി ലക്ഷ്യമിടുന്നു.

**(ബി)** പട്ടികവിഭാഗ വനിതാ സംഘങ്ങൾക്ക് സംരംഭങ്ങൾ ആരംഭിക്കാനും വിപുലീകരിക്കാനും സാമ്പത്തിക പിന്തുണ നൽകുമോ; വിശദമാക്കാമോ;

**<u>മറുപടി:</u>** പട്ടികവിഭാഗ വനിതാ സംഘങ്ങൾക്ക് പുതിയ ഗ്രൂപ്പ് സംരംഭം ആരംഭിക്കുന്നതിന് അംഗീകൃത പദ്ധതി തുക ബാങ്ക് വായ്പയായി സംഘങ്ങൾ/വ്യക്തികൾ സ്വരൂപിക്കേണ്ടതും വായ്പ തുകയുടെ 75 ശതമാനം (പരമാവധി 10,00,000/- രൂപ) പട്ടികജാതി വികസന വകുപ്പ് സബ്സിഡിയായി അനുവദിക്കുന്നതാണ്. പുതിയ വ്യക്തിഗത സംരംഭം ആരംഭിക്കുന്നതിന് അഞ്ച് ലക്ഷം രൂപ വരെയുള്ള പ്രൊജക്ടുകൾക്ക് പ്രൊജക്ട് കോസ്റ്റിന്റെ 75 ശതമാനം (പരമാവധി 3,75,000/- രൂപ) പട്ടികജാതി വികസന വകുപ്പ് സബ്സിഡിയായി അനുവദിക്കുന്നതാണ് .

**(സി)** പ്രസ്തുത ആനുകൂല്യം ലഭിക്കുന്നതിനുള്ള നിബന്ധനകൾ എന്തെല്ലാമാണെന്ന് വ്യക്തമാക്കാമോ?

**മറുപടി:** പദ്ധതി ആനുകൂല്യങ്ങൾ ലഭിക്കുന്നതിനുള്ള പ്രധാന യോഗ്യതാ മാനദണ്ഡങ്ങളും നിബന്ധനകളും താഴെ പറയുന്നവയാണ്:-

**1. ഗ്രൂപ്പ് സംരംഭങ്ങൾ:-**

I. പട്ടികജാതി വിഭാഗത്തിൽപ്പെടുന്ന അഞ്ചോ അതിൽ അധികമോ വനിതകൾ അംഗങ്ങളായുള്ള സ്വയം സഹായ സംഘങ്ങൾ ആയിരിക്കണം.

II.സംഘം ജില്ലാ രജിസ്ട്രാർ ഓഫീസിലോ, കുടുംബശ്രീയിലോ, തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങളിലോ രജിസ്റ്റർ ചെയ്തതായിരിക്കണം.

III. അംഗങ്ങളുടെ കുടുംബ വാർഷിക വരുമാനം ഓരോരുത്തർക്കും 5,00,000/- രൂപയിൽ കവിയരുത്.

IV. അംഗങ്ങളുടെ പ്രായം 21 മുതൽ 55 വയസ്സ് വരെയായിരിക്കണം.

V. ഒരു ഗ്രൂപ്പിൽ ഒരു കുടുംബത്തിൽ നിന്ന് ഒന്നിലധികം അംഗങ്ങൾ ഉണ്ടാകാൻ പാടില്ല.

VI. വിദ്യാഭ്യാസ യോഗ്യത- ഏഴാം ക്ലാസ്സ് പാസ്സായിരിക്കണം.

**2. വ്യക്തിഗത സംരംഭങ്ങൾ:-**

I. അപേക്ഷക പട്ടികജാതി വിഭാഗത്തിൽപ്പെട്ട വനിതയായിരിക്കണം.

II. കുടുംബ വാർഷിക വരുമാനം 5,00,000/- രൂപയിൽ അധികരിക്കരുത്.

III. പ്രായം 21 മുതൽ 55 വയസ്സ് വരെയും വിദ്യാഭ്യാസ യോഗ്യത ഏഴാം ക്ലാസ്സ് പാസ്സും ആയിരിക്കണം.

**3. മറ്റ് നിബന്ധനകളും സമർപ്പിക്കേണ്ട രേഖകളും:-**

I. ജാതി സർട്ടിഫിക്കറ്റ്, വരുമാന സർട്ടിഫിക്കറ്റ്, വിശദമായ പ്രൊജക്റ്റ് റിപ്പോർട്ട്, ബിസിനസ്സ് പ്ലാൻ, ഗ്രൂപ്പ് രജിസ്ട്രേഷൻ രേഖകൾ (ഗ്രൂപ്പുകൾക്ക്), ആധാർ കാർഡിന്റെ പകർപ്പ്, ബാങ്ക് പാസ് ബുക്കിന്റെ പകർപ്പ് എന്നിവ സമർപ്പിക്കണം.

II. പ്രത്യേക നൈപുണ്യം ആവശ്യമുള്ള സംരംഭങ്ങൾക്ക് യോഗ്യതാ രേഖകൾ ഹാജരാക്കണം.

III. അപേക്ഷകൾ ബന്ധപ്പെട്ട ബ്ലോക്ക്/ മുനിസിപ്പാലിറ്റി/കോർപ്പറേഷൻ പട്ടികജാതി വികസന ഓഫീസിലാണ് സമർപ്പിക്കേണ്ടത്.

IV. ഗുണഭോക്താക്കളുടെ തെരഞ്ഞെടുപ്പും പ്രൊജക്റ്റ് പരിശോധനയും ജില്ലാതലത്തിലെ DIAMC (District Implementation, Appraisal and Monitoring Committee) കമ്മിറ്റിയാണ് നിർവ്വഹിക്കുന്നത്.

**സെക്ഷൻ ഓഫീസർ**